**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2761

21 /06/2012 - ൽ മറുപടിക്ക്

## പാചകവാതക ഏജൻസികളുടെ ചൂഷണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. ഇ.എസ്.ബിജിമോൾ : | ശ്രീ. അനൂപ് ജേക്കബ് (ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്ത് കൂടുതൽ പാചക വാതക ഏജൻസികൾ തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ; | എ) സംസ്ഥാനത്ത് പുതിയ പാചകവാതക ഏജൻസികൾ ആരംഭിക്കുന്നതിന് പരസ്യം നൽകിയിട്ടുണ്ട് എന്ന് ഓയിൽ കമ്പനികളുടെ സംസ്ഥാനതല കോ-ഓർഡിനേറ്റർ അറിയിച്ചിട്ടുണ്ട്. 116 റെഗുലർ ഡിസ്ട്രിബ്യൂട്ടർഷിപ്പിനും ആർ.ജി.ജി.എൽ.വി.വൈ.സ്കീം പ്രകാരമുള്ള 95 ഡിസ്ട്രിബ്യൂട്ടർഷിപ്പിനുമാണ് പരസ്യം കൊടുത്തിരിക്കുന്നത്. |
| ബി) ഗ്യാസ് ഏജൻസികൾ ഗ്യാസ് സിലിണ്ടറുകൾ വിതരണം ചെയ്യുമ്പോൾ ഉപഭോക്താക്കളിൽ നിന്ന് അധികതുക ഈടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) ഗ്യാസ് ഏജൻസികൾ സിലിണ്ടറുകൾ വിതരണം ചെയ്യുമ്പോൾ ഉപഭോക്താക്കളിൽ നിന്ന് അധിക തുക ഈടാക്കുന്നതായ ചില കേസുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| സി) പുതിയ ഗ്യാസ് കണക്ഷൻ എടുക്കുന്നവരെക്കൊണ്ട് ചില ഏജൻസികൾ നിർബന്ധപൂർവ്വം അടുപ്പ്, നിത്യോപയോഗ സാധനങ്ങൾ എന്നിവ വാങ്ങിപ്പിക്കുന്നത് ഒഴിവാക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചു വരുന്നത് എന്ന് വ്യക്തമാക്കുമോ? | സി) പുതിയ ഗ്യാസ് കണക്ഷൻ എടുക്കുന്നവരെക്കൊണ്ട് നിർബന്ധപൂർവ്വം അടുപ്പ്, മറ്റു നിത്യോപയോഗ സാധനങ്ങൾ എന്നിവ വാങ്ങിപ്പിക്കുന്ന ഗ്യാസ് ഏജൻസിക്കെതിരെ കർശന നടപടി സ്വീകരിക്കുവാൻ എല്ലാ ജില്ലാ സപ്ലൈ ആഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇത്തരം പരാതികൾക്കിടവരുത്തുന്ന ഗ്യാസ് ഏജൻസികൾക്കെതിരെ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ